കാസർഗോഡ് താലൂക്കിൽ പട്ടയം നൽകുന്നതുസംബന്ധിച്ച്

161 [2599] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിലെ മീഞ്ച (മൂഡാബെയൽ) വില്ലേജിലെ ബേർക്കയിൽ സർക്കാർ ഭൂമിയിൽ താമസിച്ചുവരുന്ന കൈവശ കൃഷിക്കാർ പട്ടയം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് അപേക്ഷിച്ചിട്ടുള്ളതെന്നും ഇതിലേക്കുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീമതി ലക്ഷ്മി W/o പക്രുമൂല്യ, ശ്രീമതി നബീസ W/o ഇബ്രാഹിം ഖലീൽ, ശ്രീമതി ഫാത്തിമ സുഹറ W/o റസാക്ക് എന്നിവരാണ് അപേക്ഷിച്ചിട്ടുള്ളത്. അപേക്ഷകർ കൈവശം വച്ചുവരുന്ന സ്ഥലം മിലിറ്ററി വിഭാഗത്തിലുള്ള വ്യക്തികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതാണ്. പകരം സ്ഥലം കണ്ടെത്തി പതിവ് അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമി നഷ്ടപ്പെട്ട ജന്മിമാർ

162 [2600] *ശ്രീ. ലൂഡി ലൂയിസ്:*
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഭൂമി നഷ്ടപ്പെട്ട എത്ര ജന്മിമാരുണ്ട്;

(ബി) ഇവരിൽ എത്ര പേർക്ക് മുഴുവൻ ഭൂമിയും നഷ്ടപ്പെട്ടു;

(സി) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി ഭൂമി നഷ്ടപ്പെട്ടവരെ എപ്രകാരം സഹായിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ഭൂമി നഷ്ടപ്പെട്ട 33495 ജന്മിമാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി 704 ജന്മിമാർക്ക് മുഴുവൻ ഭൂമിയും നഷ്ടപ്പെട്ടു;

(സി) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപ്രതിഫലം കൂടാതെ പ്രതിമാസം 500 രൂപ വീതം പെൻഷൻ നൽകിവരുന്നുണ്ട്.

ഇടുക്കി ജില്ലയിലെ വികസന പദ്ധതികൾ

163 [2601] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽനിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസനപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാം; ഇപ്പോൾ നടന്നുവരുന്നവ ഏതെല്ലാം; ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ ഇനത്തിനും ചെലവഴിച്ച തുക വ്യക്തമാക്കാമോ;

(ഡി) ആയതിലേക്കുള്ള സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പ് നേരിട്ടു നടത്തുന്ന വികസനപദ്ധതികൾ ഒന്നും നിലവിലില്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

വാഗമൺ മേഖലയിൽ വ്യാജപട്ടയം

164 [2602] *ശ്രീ. സി. പി. മുഹമ്മദ്:*
„ *ബി. വിജയകുമാർ:*
„ *പി. ടി. തോമസ്:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിൽ വ്യാജപട്ടയം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യാജപട്ടയത്തിന്റെ അടിസ്ഥാനത്തിൽ കൈവശം വച്ചിട്ടുള്ള ഭൂമിയുടെ അളവ് എത്രയാണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly